## പൊൻനിലവിളക്കുകളുടെ നടുവിൽ നടക്കുന്ന മനുഷ്യ പുത്രനായ ക്രിസ്തുവിന്റെ ദർശനം കാണുന്നത്

**I. പൊൻനിലവിളക്കുകളുടെ നടുവിൽ നടക്കുന്ന മനുഷ്യ പുത്രനായ ക്രിസ്തുവിന്റെ ദർശനം കാണണമെങ്കിൽ, നാം യേശുവിൽ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുത യിലും സഹപങ്കാളികളായി സഭയുടെ അടിത്തറയിന്മേൽ നമ്മുടെ ആത്മാവിലായിരിക്കുന്ന കർത്താവിന്റെ ജയി ക്കുന്ന ദൂതന്മാരായിരിക്കണം**

- ആദ്യനാളുകളിലെ സഭാജീവിതത്തിന്റെ അനുഷ്ഠാനം **ഒരു പട്ടണത്തിന് ഒരു സഭ**, ഒരു സഭ മാത്രമുള്ള ഒരു പട്ടണം ആയിരുന്നു;
- **ഒരുമയുടെ യഥാർഥ അടിത്തറയിലുള്ള** നമ്മുടെ കൂടിവരവിന്റെ നാല് സവിശേഷതകൾ
    - ദൈവജനം ഒന്നായിരിക്കണം;
    - കൂട്ടിവരേണ്ട നിസ്തുലമായ നാമം കർത്താവായ യേശു ക്രിസ്തുവിന്റെ നാമമാണ്
    - നമ്മുടെ ആത്മാവിനെ നാം വ്യായാമം ചെയ്യുകയും സകലവും ആത്മാവിൽ ചെയ്യുകയും വേണം
    - ക്രിസ്തുവിനെകൊണ്ട് മാത്രം ദൈവത്തെ ആരാധിക്കുകയും, ക്രൂശിന്റെ യഥാർഥ പ്രയോഗം നമുക്കുണ്ടായിരിക്കുകയും വേണം
- യേശുവിലുള്ള **കഷ്ടതയിൽ നാം സഹപങ്കാളികളാണ്**
    - ഇന്ന് നാം കഷ്ടംസഹിക്കുമ്പോൾ, കർത്താവായ യേശു നമ്മിലും നമ്മോടുകൂടെയും കഷ്ടംസഹിക്കുന്നു
    - നാം അനേകം കഷ്ടങ്ങളിലൂടെ രാജ്യത്തിലേക്ക് പ്രവേശിക്കുന്നു
- യേശുവിലുള്ള **രാജ്യത്തിൽ നാം സഹപങ്കാളികളാണ്**
    - രാജ്യം സഭാജീവിതമാണ്, അതിൽ വിശ്വസ്തരായ വിശ്വാസികൾ ജീവനിലുള്ള വളർച്ചയ്ക്കും ജീവനിലുള്ള രൂപാന്തരത്തിനും വേണ്ടി ജീവിക്കുന്നു
- യേശുവിലുള്ള **സഹിഷ്ണുതയിൽ നാം സഹപങ്കാളികളാണ്**

## മനുഷ്യപുത്രനായ ക്രിസ്തുവിന്റെ സവിശേഷതകൾ

**II. സഭകളെ തന്റെ മനുഷ്യത്വത്തിൽ പരിലാളിക്കുവാനും തന്റെ ദിവ്യത്വത്തിൽ പോഷിപ്പിക്കുവാനും "പാദംവരെ നീളമുള്ള അങ്കി ധരിച്ചും മാറത്ത് പൊൻകച്ച കെട്ടിയും" , മനുഷ്യപുത്രനായ ക്രിസ്തു മഹാപുരോഹിതനാണ്**

- മനുഷ്യപുത്രൻ അവന്റെ മനുഷ്യത്വത്തിലാണുള്ളത്, **പൊൻകച്ച** അവന്റെ ദിവ്യത്വത്തെ സൂചിപ്പിക്കുന്നു, **മാറ്** സ്നേഹത്തിന്റെ അടയാളമാണ്
    - സഭകളെ ഉളവാക്കുവാൻ ദിവ്യ വേലയ്ക്കുവേണ്ടി ബലപ്പെടുത്തപ്പെട്ടവനായി ക്രിസ്തു അരയിൽ കച്ചകെട്ടിയിരുന്നു, എന്നാൽ ഇപ്പോൾ അവൻ തന്റെ സ്നേഹത്താൽ ഉളവാക്കപ്പെട്ട സഭകൾക്കുവേണ്ടി കരുതിക്കൊണ്ട് അവൻ മാറത്ത് കച്ച കെട്ടിയിരിക്കുന്നു
- മനുഷ്യപുത്രനെന്ന നിലയിൽ സഭകളെ **പരിലാളിക്കുന്നതിന്** ക്രിസ്തു തന്റെ **മനുഷ്യത്വത്തിൽ** അവയെ പരിപാലിക്കുന്നു
    - നാം സന്തോഷമുള്ളവരും, പ്രസന്നരും, സുഖപ്രദരും ആയിരിക്കത്തക്കവണ്ണം അവൻ നിലവിളക്കുകളുടെ ദീപങ്ങളെ ശരിയാക്കുവാൻ, അവയെ വെട്ടിയൊതുക്കുന്നു
    - നാം പ്രകാശിക്കുന്നതിന് തടസ്സപ്പെടുത്തുന്ന എല്ലാ പ്രതിലോമ കാര്യങ്ങളെയും മുറിച്ചുകളഞ്ഞു കൊണ്ട് നിലവിളക്കിന്റെ ദീപങ്ങളുടെ തിരി അവൻ വെട്ടിശരിയാക്കുന്നു
- സഭകളെ **പോഷിപ്പിക്കുന്നതിന്** തന്റെ മാറത്തുള്ള പൊൻകച്ചയാൽ സൂചിപ്പിക്കപ്പെടുന്ന തന്റെ ദിവ്യ സ്നേഹത്തോടുകൂടിയ തന്റെ **ദിവ്യത്വത്തിൽ** ക്രിസ്തു സഭകളെ പരിപാലിക്കുന്നു
    - മൂന്ന് ഘട്ടങ്ങളുള്ള അവന്റെ സമ്പൂർണ ശുശ്രൂഷയിൽ അവൻ സർവവും-ഉൾക്കൊള്ളുന്നവനെന്ന നിലയിൽ അവൻ അവനെക്കൊണ്ടുതന്നെ നമ്മെ പോഷിപ്പിക്കുന്നു
    - അവന്റെ നീക്കത്തിൽ പങ്കെടുക്കുവാനും അവന്റെ കരുതൽ ആസ്വദിക്കുവാനും, നാം സഭകളിൽ ആയിരിക്കണം

**III.** അവന്റെ തലയും തലമുടിയും വെള്ളപ്പഞ്ഞിപോലെ ഹിമത്തോളം വെളുത്തതായിരുന്നു എന്നതിലൂടെ കർത്താവിന്റെ **സ്വർഗീയ പുരാതനത്വം** ചിത്രീകരിക്കപ്പെടുന്നു

**IV.** അഗ്നിജ്വാല പോലെയുള്ള കർത്താവിന്റെ ഏഴ് കണ്ണുകൾ നോക്കുവാനും, നിരീക്ഷിക്കുവാനും, ആരായുവാനും, പ്രകാശിപ്പിക്കുന്നതിലൂടെ **വിധിക്കുവാനും, സന്നിവേശിപ്പിക്കുവാനും** വേണ്ടിയാണ്

**V.** കർത്താവിന്റെ പാദങ്ങൾ ഉലയിൽ ചുട്ടുപഴുപ്പിച്ച തിളങ്ങുന്ന താമ്രത്തിനു സദൃശമാണെന്നത് സൂചിപ്പിക്കുന്നത് **അവന്റെ തികവുള്ളതും ശോഭയുള്ളതുമായ നടപ്പ് ദിവ്യ ന്യായവിധി നടത്തുവാൻ അവനെ യോഗ്യനാക്കുന്നു** എന്നാണ്

**VI.** കർത്താവിന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെയാണ്, അത് ഒരു പ്രക്ഷുബ്ധമായ ശബ്ദമാണ്, സർവശക്തനായ ദൈവത്തിന്റെ സ്വരത്തിന്റെ ശബ്ദമാണ്; ഇത് **അവന്റെ സംസാരത്തിന്റെ ഗൗരവത്തെയും ഗാംഭീര്യത്തെയും** സൂചിപ്പിക്കുന്നു

**VII.** ക്രിസ്തു സഭകളുടെ ശോഭയുള്ള **ദൂതന്മാരെ പിടിച്ചുകൊള്ളുന്നവനാണ്**

**VIII.** ക്രിസ്തുവിന്റെ വായിൽനിന്ന് മൂർച്ചയേറിയ ഇരുവായ്ത്തലവാൾ പുറപ്പെടുന്നു, ഇത് പ്രതിലോമപരമായ വ്യക്തികളോടും കാര്യങ്ങളോടും ഇടപെടുന്നതിനുള്ള അവന്റെ **വിവേചിക്കുന്നതും ന്യായവിധിക്കുന്നതും നിഗ്രഹിക്കുന്നതുമായ വചനമാണ്**

**IX.** സൂര്യൻ അതിന്റെ ശക്തിയിൽ പ്രകാശിക്കുന്നതു പോലെ ക്രിസ്തുവിന്റെ മുഖം പ്രകാശിക്കുന്നു; ഇത് **രാജ്യം കൊണ്ടുവരുന്നതിനു വേണ്ടിയുള്ള ന്യായം വിധിക്കുന്ന പ്രകാശനമാണ്**

**X.** ക്രിസ്തു ഒന്നാമത്തവനും ഒടുക്കത്തവനുമാണ്, ഇത് അവൻ ഒരിക്കലും തന്റെ **വേല പൂർത്തിയാകാതെ വിടുകയില്ലെന്ന ഉറപ്പ്** നമുക്ക് നൽകുന്നു, കൂടാതെ തന്റെ ശരീരത്തിന്റെ ആവിഷ്കാരമായ **സഭകൾ ജീവനുള്ളതും, പുതുമയുള്ളതും ശക്തവുമായിരിക്കുവാൻ** അവൻ ജീവനുള്ളവനുമാണ്

**XI. മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ** ക്രിസ്തുവിന്റെ കൈവശമുണ്ട്